## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4572** 25-06-2019 -ൽ മറുപടിക്ക്

# ബാലുശ്ശേരി മണ്ഡലത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പുരുഷൻ കടലുണ്ടി** | | **ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ബാലുശ്ശേരി മണ്ഡലത്തിൽ വെള്ളപ്പൊക്കത്തിൽ തകർന്ന ഏതെല്ലാം ഗ്രാമീണ റോഡുകൾക്കാണ് 2018-19 വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുള്ളത്; | എ), | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും റോഡുകളുടെ പുനരുദ്ധാരണത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫണ്ടോ ഭരണാനുമതിയോ അനുവദിക്കാറില്ല.<br>സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിലെ കറ്റോട് ആര്യൻ കുന്നത്ത് താഴെ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെയും, കെ.എസ്.ഐ.ഡി.സി. എടന്നൂർ എം.എം. പറമ്പ് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 9 ലക്ഷം രൂപയുടെയും, അത്തോളി ഗ്രാമപഞ്ചായത്തിലെ ആലിൻചുവട്ടിൽ കുറുവാളൂർ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെയും, ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ ചേപ്പാല പൈക്കാപ്പുറം കണ്ടി റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെയും, നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ എ.പി. അച്ചുതൻ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെയും, നടുവണ്ണൂർ വാകയാട് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെയും, കായണ്ണ ഗ്രാമപഞ്ചായത്തിലെ ചെറുക്കാട് കോളണിമുക്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെയും, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ കല്ലാനോട് തടത്തിൽ താഴെ അങ്കണവാടി റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയുടെയും, അത്തോളി ഗ്രാമപഞ്ചായത്തിലെ കോതങ്കൽ വടേരി മീത്തൽ കുറുമ്പാരുക്കണ്ടി റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 10 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ബാലുശ്ശേരി മണ്ഡലത്തിൽ വെള്ളപ്പൊക്കത്തിൽ തകർന്ന ഗ്രാമീണ റോഡുകളിൽ പലതിന്റെയും പുനർനിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിലെ അത്താണി ആനപാറ റോഡിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഫണ്ടിൽ നിന്നും 5 ലക്ഷം രൂപയും, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ കരിയാത്തൻപാറ – മീൻമുട്ടി റോഡിന് പ്ലാൻ ഫണ്ടിൽ നിന്നും 5 ലക്ഷം രൂപയും, പനങ്ങാട് ഗ്രാമപഞ്ചായത്തിലെ മങ്കയം ചെങ്കണ റോഡ് കൾവർട്ട് നിർമ്മണത്തിന് 6,26,454/- രൂപയും, തലയാട് ചീടിക്കുഴി റോഡ് അപ്രോച്ച് റോഡിന് 5,96,711/- രൂപയും തനതു ഫണ്ടിൽ നിന്നും മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. |
| ബി) | ഈ പ്രവർത്തികൾ ഓരോന്നും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | ബി), | 2019-ലെ ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനെ തുടർന്ന് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം അനുവദിച്ച പ്രവൃത്തികൾക്ക് നിർവ്വഹണ അനുമതി നൽകാൻ സാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് വഴി ഭരണാനുമതി നൽകിയിരുന്ന അത്തോളി, കൂരാച്ചുണ്ട്, പനങ്ങാട് ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ